(സി) സമരം ചെയ്ത വിദ്യാർത്ഥികൾ അക്രമാസക്തരായി പൊതുമുതൽ നശിപ്പിച്ചപ്പോൾ പോലീസ് കണ്ണീർവാതക ഷെല്ലുകളും (ഗ്രനേഡ്) വാട്ടർ കാനൽ ഉപയോഗിച്ച് ജലം ചീറ്റിച്ചും വിദ്യാർത്ഥികളെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 1-7-2003-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ കേന്ദ്രീകരിച്ച 200-ഓളം വിദ്യാർത്ഥികൾ കോളേജിനു മുൻവശം റോഡിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കു നേരെ കല്ലും കുപ്പിച്ചില്ലും നാടൻ ബോംബും വലിച്ചെറിഞ്ഞ് അക്രമാസക്തമായതിനെത്തുടർന്ന് പിരിഞ്ഞു പോകാൻ മെഗാഫോണിലൂടെ നിരന്തരം അറിയിപ്പു നല്കിയിട്ടും പിരിഞ്ഞു പോകാതെ അക്രമപ്രവർത്തനങ്ങൾ തുടരുകയുണ്ടായതിനാലാണ് നിയമാനുസരണം കണ്ണീർവാതക (ഗ്രനേഡ്) ഷെല്ലുകൾ പ്രയോഗിക്കുകയും, വാട്ടർ കാനൽ ഉപയോഗിച്ച് വെള്ളം ചീറ്റുകയും ഉണ്ടായത്.

കണ്ണൂർ ജില്ലയിൽ കളക്ടറേറ്റ് മാർച്ചിനോടനുബന്ധിച്ച് എസ്.എഫ്.ഐ. അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. കെ. കെ. രാഗേഷിന്റെ നേതൃത്വത്തിലുള്ള അഞ്ഞൂറോളം വിദ്യാർത്ഥികൾ പോലീസിനുനേരെ അക്രമാസക്തരാകുകയും കളക്ടറേറ്റ് മതിൽ ചാടിക്കടക്കുകയും ഡോർ ഗ്ലാസ്സുകളും പൂച്ചട്ടികളും നശിപ്പിക്കുകയും, കളക്ടറുടെ ചേമ്പറിൽ അതിക്രമിച്ചു കടക്കുകയും ചെയ്തപ്പോഴാണ് കണ്ണീർ വാതകപ്രയോഗം (ഗ്രനേഡ്) നടത്തിയിട്ടുള്ളത്.

(ഇ) കണ്ണൂർ ജില്ലയിലുണ്ടായ ലാത്തിച്ചാർജ്ജിൽ ഏഴു വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കണ്ണൂർ ടൗൺ പി.എസ്. ക്രൈം നം. 463/03, യു/എസ് 143, 147,148,447,448,332, 308 ആർ/ഡബ്ല്യൂ. 149 ഐ.പി.സി.യും സെക്ഷൻ 3(1) ഓഫ് പി.ഡി.പി.പി. ആക്ട് ആയി അഞ്ഞൂറോളം വിദ്യാർത്ഥികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ഇരുപത്തി ഒന്നുപേരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്.

സമരം ചെയ്ത വിദ്യാർത്ഥികൾക്കു നേരെയുള്ള പോലീസാക്രമണം

45 (2997) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങൾ സ്വകാര്യവൽക്കരണം എന്നിവയ്ക്കെതിരെ സമരം ചെയ്ത എസ്.എഫ്.ഐ.യുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ വിദ്യാർത്ഥികളുടെ നേരെ പോലീസ് അഴിച്ചുവിട്ട ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോലീസ് ആക്രമണത്തിൽ സംസ്ഥാനത്തുടനീളം എത്ര വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയെന്ന് വ്യക്തമാക്കുമോ ; അവർ ആരെല്ലാം ;

(സി) വിദ്യാർത്ഥികൾക്കെതിരെയുള്ള പോലീസ് ആക്രമണം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കുനേരെ എത്ര കമ്പനിയുടെ ഗ്രനേഡുകളാണ് ഉപയോഗിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദ്യാർത്ഥി-വിദ്യാർത്ഥികൾക്കു നേരെ എത്ര കമ്പനിയുടെ ഗ്രനേഡാണ് ഉപയോഗിച്ചത് ;

(എഫ്) ഇത് ഉപയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം ;

(ജി) ഇവർക്ക് ഇതിൽ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഏതെല്ലാം സാഹചര്യത്തിലാണ് വെള്ളം ചിറ്റൽ, ഗ്രനേഡ് ആക്രമണം എന്നീ നടപടികൾക്ക് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഐ) ഈ ഓർഡറുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ജെ) എങ്കിൽ 1-7-2003-ൽ നടന്ന പോലീസ് ഗ്രനേഡ് ആക്രമണത്തിനു കാരണം എന്താണെന്നുള്ളതിന്റെ വിശദാംശങ്ങളും ഇതു സംബന്ധിച്ച പോലീസ് റിപ്പോർട്ടും ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിദ്യാർത്ഥികൾക്ക് നേരെ പോലീസ് ആക്രമണം നടത്തിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഒരു കമ്പനിയുടെ ഗ്രനേഡുകളാണ് ഉപയോഗിച്ചത്.

(എഫ്) തത്സമയം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ടിയർ ഗ്യാസ് പാർട്ടി.

(ജി) സംഭവസ്ഥലങ്ങളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥർ.

(എച്ച്) 1-7-2003-ൽ 200-ഓളം വിദ്യാർത്ഥികൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിനുള്ളിൽ കേന്ദ്രീകരിച്ച്, കോളേജിനു മുമ്പിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന നേമം പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും പാർട്ടിക്കും നേരെ കല്ല്, കുപ്പിച്ചില്ല്, നാടൻ ബോംബ് എന്നിവ വലിച്ചെറിഞ്ഞതിനെ തുടർന്ന് പിരിഞ്ഞുപോകാൻ അഭ്യർത്ഥിച്ചിട്ടും കൂട്ടാക്കാത്ത സന്ദർഭത്തിൽ കണ്ണൂർ ജില്ലയിൽ കളക്ട്രേറ്റ് മാർച്ചിനോടനുബന്ധിച്ച് എസ്.എഫ്.ഐ. അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. കെ. കെ. രാജേഷിന്റെ നേതൃത്വത്തിൽ 500-ഓളം വിദ്യാർത്ഥികൾ അക്രമാസക്തരാവുകയും പോലീസിന് നേരെ കല്ലെറിയുകയും കളക്ട്രേറ്റ് മതിലുകൾ ചാടികടന്ന് ജന്നൽ ഗ്ലാസ്സുകളും സീറ്റുകളും നശിപ്പിക്കുകയും കളക്ടറുടെ ചേമ്പറിൽ അതിക്രമിച്ചുകടക്കുകയും ചെയ്തതുകൊണ്ടാണ് കണ്ണീർവാതക പ്രയോഗം നടത്തിയത്.

(ഐ) സാഹചര്യം അനുസരിച്ച് അതാത് സന്ദർഭത്തിലുള്ള നിർദ്ദേശ പ്രകാരമായതിനാൽ പ്രത്യേക രേഖകളൊന്നും തയ്യാറാക്കാനായില്ല.

(ജെ) 1-7-2003-ൽ തിരുവനന്തപുരത്തും കണ്ണൂരും നടന്ന പോലീസ് നടപടികൾ ഉത്തരം 'എച്ച്'-ൽ വിശദീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly